## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ ഡോ. കെ. വാസുകി ഐ.എ.എസ്)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - ഓൺലൈൻ പൊതുസ്ഥലംമാറ്റം **2020**-അന്തിമ ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നു

പരാമർശം :- 1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3 /2017/ഉ.പ.ഭ .വ

2. 11.6.2020- ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 516/20/Agri

3. 5.11.2019- ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri

4. ഈ ഓഫീസിലെ 27/8/2020 - ലെ എസ് എ (2)45900/2019 നം. ഉത്തരവ്

5. കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 4/9/2020-ലെ ഇ (2) 4307/2020 നം. കത്ത്

6. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 7/9/2020-ലെ ഇ (2) 2703/2020 നം കത്ത്

7. ഫാം ഇൻഫർമേഷൻ തിരുവനന്തപുരം ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ 7/9/2020-ലെ J- 3518/17 നം കത്ത്

8. ഈ ഓഫീസിലെ 9/9/2020 - ലെ എസ്.എ (2)45900/2019 നം സർക്കുലർ

## ഉത്തരവ് നം. എസ് എ (2) 45900/2019 തീയതി 14/9/2020

പരാമർശം (1)- (3) പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 2020 വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കി വിവിധ തസ്തികകളിലെ അന്തിമ സ്ഥലംമാറ്റലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. SPARK-ൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ സർവീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓൺലൈൻ സ്ഥലമാറ്റം NIC സോഫ്റ്റ്‌വെയറിലൂടെ വകുപ്പ് നടപ്പിലാക്കിയത് . ജീവനക്കാരുടെ സർവീസ് വിവരങ്ങൾ SPARK- ൽ യഥാസമയം ബന്ധപ്പെട്ട DDO-മാർ Update ചെയ്യാത്തതിന്റെ പേരിലോ സാങ്കേതിക പിഴവിന്റെ പേരിലോ ഓൺലൈനായി തയാറാക്കിയ പൊതുസ്ഥലമാറ്റ ഉത്തരവിൽ കടന്നുകൂടിയ അപാകത കാരണം അർഹതപ്പെട്ട സ്ഥലമാറ്റം ലഭിക്കാതിരിക്കുകയോ, അനർഹമായി സ്ഥലമാറ്റം ചെയ്യപ്പെടുകയോ ചെയ്തതുമായി ബന്ധപ്പെട്ട് DDO/PAO എന്നിവരുടെ ശുപാർശ സഹിതം 2020 ഒക്ടോബർ 15-ന് മുമ്പായി agrigeneraltransfer@gmail.com എന്ന ഇ-മെയിലിൽ ലഭിക്കുന്ന അപേക്ഷകൾ അർഹതമാനദണ്ഡം അനുസരിച്ച് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കുമെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികളുടെ

വിശദാംശങ്ങൾ പരാമർശം (8) ലെ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം സാങ്കേതിക അപാകതകൾ കാസർഗോഡ് , തൃശ്ശൂർ , തിരുവനന്തപുരം ജില്ലകളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്

പരാമർശം (5)-(7) പ്രകാരം ലഭിച്ച അപേക്ഷകൾ/ശുപാർശകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ജില്ല | പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കത്ത് നമ്പർ / തീയതി | കത്ത്/റിപ്പോർട്ടിലെ വിവരങ്ങൾ |
|---|---|---|---|
| 1 | തൃശ്ശൂർ | 7/9/2020-ലെ ഇ (2) 2703/2020 നം കത്ത് | പുനർവിന്യസിക്കപ്പെട്ട ക്ലാർക്ക് ശ്രീ ആന്റി വിൻസെന്റിനെ സ്ഥലം മാറ്റ പട്ടികയിൽ നിന്നും ഒഴിവാക്കണം . ടി ഒഴിവിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ട സീനിയർ ക്ലാർക്ക് ശ്രീ അമീൻ നൗഫലിനെ തൃശ്ശൂർ ജില്ലയിൽ സ്റ്റേറ്റ് സീഡ് ഫാം എടത്തിരുത്തിയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കണം . |
| 2 | കാസർഗോഡ് | 4/9/2020-ലെ ഇ (2) 4307/2020 നം കത്ത് | ശ്രീ.മഹേഷ് വി.കെ, സീനിയർ ക്ലാർക്കിനെ സ്ഥലം മാറ്റം ചെയ്യപ്പെട്ട സ്റ്റേഷനിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കണം. |

തിരുവനന്തപുരം ആനയറയിലെ കൃഷി അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ, ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവിലേക്ക് കൃഷി ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്ക് ശ്രീ .എൻ. ദിലീപ് , വെള്ളായണി RTTC-യിലെ സീനിയർ ക്ലാർക്ക് ശ്രീ. ആർ. ഗിരീഷ് കുമാർ എന്നിങ്ങനെ രണ്ടുപേരെ നിയമിച്ചിട്ടുള്ളതായി ടി ഓഫീസ് മേധാവി അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (5)-(7) പ്രകാരം ലഭിച്ച അപേക്ഷകൾ/ശുപാർശകൾ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച സ്ഥലം മാറ്റ പട്ടികയിൽ ചുവടെ ചേർക്കും പ്രകാരമുള്ള ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

1. പറവൂർ മുനിസിപ്പാലിറ്റിയിൽ പുനർവിന്യസിക്കപ്പെട്ട സീനിയർ ക്ലാർക്ക് ശ്രീ .ആന്റി വിൻസെന്റിനെ (PEN 158844) എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിലേക്ക് സ്ഥലം മാറ്റിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ടിയാളെ സ്ഥലംമാറ്റപ്പട്ടികയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു.

2. ശ്രീ.ആന്റി വിൻസെന്റിനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിക്കപ്പെട്ട തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. അമീൻ നൗഫലിന് (PEN 620204) പരാമർശം (8) സർക്കുലർ അടിസ്ഥാനമാക്കി ഉചിതമായി നിയമനം നൽകുവാൻ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറിനെ ചുമതലപ്പെടുത്തുന്നു.

3. ശ്രീ. മഹേഷ്.വി.കെ (PEN 691406) സീനിയർ ക്ലാർക്കിനെ സ്ഥലംമാറ്റം ചെയ്യപ്പെട്ട നീലേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒഴിവില്ലാത്തതിനാൽ പരാമർശം (8) സർക്കുലർ അടിസ്ഥാനമാക്കി ഉചിതമായി നിയമനം നൽകുവാൻ കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസറിനെ ചുമതലപ്പെടുത്തുന്നു

4. ആനയറയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ ക്ലാർക്കിന്റെ ഒരൊഴിവിൽ നിയമിതരായവരിൽ ശ്രീ.ആർ.ഗിരീഷ് കുമാർ (PEN 428044) സീനിയർ ക്ലാർക്കിനെ ആനയറയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് കാര്യാലയത്തിൽ നിലനിർത്തിക്കൊണ്ടും, ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൃഷി ഡയറക്ടറേറ്റിലേക്ക് സ്ഥലംമാറ്റം ചെയ്യപ്പെട്ട സീനിയർ ക്ലാർക്ക് ശ്രീ. ദീപക് കുമാർ.ജി. യെ പരാമർശം (7) ലെ അപേക്ഷ പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിർത്തുന്നതിനും , ഇപ്രകാരം നിലവിൽ വരുന്ന ഒഴിവിൽ ശ്രീ. ദിലീപ് .എൻ (PEN428636) സീനിയർ ക്ലാർക്കിനെ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു. അതോടൊപ്പം കൃഷിഡയറക്ടറേറ്റിലെ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് സീനിയർ ക്ലാർക്ക് ശ്രീമതി.പി.ജ്യോതിയെ (PEN 601783) നിലവിലെ ഒഴിവിൽ നിലനിർത്തിക്കൊണ്ടും ഉത്തരവാകുന്നു.

5. കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. ശുഭ .എസ്, (PEN489053) ടിയാളെ കൃഷി ഡയറക്ടറേറ്റിലേക്ക് സ്ഥലം മാറ്റിയതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT) മുൻപാകെ ഫയൽ ചെയ്ത OA 1347/20 നമ്പർ കേസിൽ, ടി സ്ഥലം മാറ്റം ഒരുമാസത്തേക്ക് സ്റ്റേ ചെയ്തു കൊണ്ട് ബഹു. KAT പുറപ്പെടുവിച്ച 4/9/2020 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ശുഭ.എസ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിലവിലെ സ്റ്റേഷനിൽ താൽക്കാലികമായി നിലനിർത്തി ഉത്തരവാകുന്നു

6. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ . എം . ബി. ഷമീർ , പൊതുസ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനു ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും , കരട് സ്ഥലംമാറ്റ ലിസ്റ്റിൽ ടിയാന് സ്ഥലംമാറ്റം ലഭിക്കാത്ത സാഹചര്യത്തിൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT ) മുൻപാകെ ഫയൽ ചെയ്ത MA(EKM) 1114/2020 in OA(EKM) 1922/2019 നമ്പർ കേസിൽ , അന്തിമ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതാണെന്ന് മൂന്നാം എതിർ കക്ഷിയായ കൃഷി വകുപ്പ് ഡയറക്ടർക്കു നിർദ്ദേശം നൽകി 13/8/2020 തീയതി ബഹു KAT ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) സാർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഷമീർ .എം. ബി യെ (PEN336817) പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിലേക്കും പകരം ടി ഓഫീസിലെ ഏറ്റവും സീനിയറായ ജൂനിയർ സൂപ്രണ്ട് ശ്രീ. സി. പവിത്രനെ (PEN336861) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലേക്കും സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും അപ്രകാരം ബഹു KAT യുടെ 13/8/2020 തീയതിയിലെ ഉത്തരവ് പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു

പ്രസ്തുത ഭേദഗതികൾ സഹിതം പരാമർശം(4) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

ഒപ്പ്/-

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

**ഡയറക്ടർ**

**BINDU MOL. T**
**Administrative Assistant II**
**Agriculture Development & Farmers Welfare Department**
**Vikas Bhavan, Trivandrum**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

**പകർപ്പ്**

ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർക്ക്

കൃഷി ഡെപ്യൂട്ടി ഡയറക്ടർ(ഐ.റ്റിസെൽ)- ഔദ്യോഗികവെബ്സൈറ്റിൽ പ്രസ്സിദ്ധീകരിക്കുന്നതിനു വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ ( HQ)